LIBRARY ARCHIVES Kerala Legislative Assembly

റിക്രൂട്ടിംഗ് സെന്ററുകൾ

10 (*220) ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എസ്. ശർമ്മ :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ റിക്രൂട്ട്മെന്റ് ഏജൻസികളുടെ തട്ടിപ്പ് വ്യാപകമായിരിക്കുന്നത് പരിശോധിച്ചിട്ടുണ്ടോ ;

(ബി) റിക്രൂട്ട്മെന്റ് സ്ഥാപനങ്ങൾ നടത്തുന്നതിനായുള്ള ലൈസൻസ് വ്യവസ്ഥകൾ എന്തൊക്കെയാണ് ; ഇത്തരം സ്ഥാപനങ്ങളിൽ എന്തെങ്കിലും പരിശോധന നടത്താറുണ്ടോ ; ഇല്ലെങ്കിൽ അതിന് തയ്യാറാകാത്തതിന്റെ കാരണം അറിയിക്കുമോ ;

(സി) തൊഴിൽ വകുപ്പിന്റെ കീഴിൽ റിക്രൂട്ടിംഗ് സെന്ററുകൾ തുടങ്ങാനോ അല്ലെങ്കിൽ തൊഴിൽ വകുപ്പ് പരിശോധിച്ച് അംഗീകാരം നൽകുന്ന റിക്രൂട്ട് ഏജൻസികളെ മാത്രം പ്രവർത്തിക്കാൻ അനുവദിക്കാനോ തയ്യാറാകുമോ ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) :

(എ & ബി) ഉണ്ട്. റിക്രൂട്ട്മെന്റ് ഏജൻസികൾ ആരംഭിക്കുന്നതിനുള്ള ലൈസൻസ് നൽകുന്നത് കേന്ദ്ര സർക്കാരിന്റെ പ്രവാസി ഭാരതീയ കാര്യമന്ത്രാലയമാണ്. അപേക്ഷകൾ അതാത്സംസ്ഥാനത്തിന്റെ പരിധിയിൽവരുന്ന പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ് (POE) എന്ന ഉദ്യോഗസ്ഥൻ മുഖേന പ്രൊട്ടക്ടർ ജനറൽ ഓഫ് ഇമിഗ്രന്റ്സിനാണ് നൽകേണ്ടത്. അപേക്ഷകൾ സമർപ്പിക്കേണ്ട വ്യവസ്ഥകൾ ഇന്ത്യൻപ്രവാസി ഭാരതീയ കാര്യമന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. സ്വകാര്യ റിക്രൂട്ടിംഗ് ഏജൻസികളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ രഹസ്യമായി ശേഖരിച്ച് നിരീക്ഷിച്ച് വരുന്നതും നിയമവിരുദ്ധമായി പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ടി സ്ഥാപനങ്ങൾക്കെതിരെ പോലീസും പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ് (POE) ഉം ചേർന്ന് നിയമ നടപടികൾ സ്വീകരിക്കാറുണ്ട്.

(സി) തൊഴിൽ വകുപ്പിന്റെ കീഴിൽ 1977- മുതൽ ഇതിനായി 'ഒഡെപെക്' എന്ന പൊതുമേഖലാ സ്ഥാപനം പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. ആയതിനാൽ പുതുതായി റിക്രൂട്ട്മെന്റ് ഏജൻസികൾ തുടങ്ങാൻ ഉദ്ദേശിക്കുന്നില്ല.